File No.LSGD-DA3/97/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് -ജില്ലാതല ഇലക്ട്രിക്കൽ കമ്മിറ്റി-കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അടിയന്തര സ്വഭാവമുള്ള ഇലക്ട്രിക്ക് പ്രവർത്തികൾ ചെയ്യുന്നതിന് ബി ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ ) വകുപ്പ്

സ.ഉ.(സാധാ) നം.1715/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2020

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2020 ലെ കത്ത്

2 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 8.7.2020 ലെ കത്ത്

3 12 .08 . 2020 തീയ്യതിയിലെ കോ - ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ( 4. 19)

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പരിശോധന തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി, കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യത്തിൽ (എഞ്ചിനീയർമാരുടെ കുറവ്) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നും മാനന്തവാടി ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ടു ഒരു കമ്മിറ്റി രൂപീകരിച്ചുവെങ്കിലും അതും ഫലപ്രദമായില്ല എന്നും കെ.എസ്.ഇ.ബി യിൽ നിന്നും വിരമിച്ച 4 അംഗങ്ങളെ ഉൾപ്പെടുത്തി 03/06/2020-ൽ രൂപീകരിച്ച കമ്മിറ്റിയിലെ പുതിയ അംഗങ്ങൾക്ക് തുടരാൻ താല്പര്യമില്ല എന്നറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അടിയന്തര സ്വഭാവമുള്ള സ്കൂൾ പ്രവൃത്തികൾ ഉൾപ്പെടെയുള്ള ഇലക്ട്രിക്ക് പ്രവൃത്തികൾ ചെയ്യുന്നതിന് ഇലക്ട്രിക്കൽ ലൈസൻസുള്ള ബി ടെക് ഇലക്ട്രിക്കൽ ബിരുദധാരികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാനും, മേൽ പ്രശ്നം നേരിടുന്ന മറ്റ് ജില്ലകൾ ഉണ്ടെങ്കിൽ ഇതേ രീതി തുടരുന്നതിനും ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം അനുമതി തേടിയിരുന്നു .

ഈ വിഷയം വികേന്ദ്രീകൃത സംസ്ഥാന തല കോ -ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ KSEB, PWD തുടങ്ങിയ വകുപ്പുകളിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ളവരുടെ സേവനം ലഭ്യമല്ലാത്ത ജില്ലകളിൽ സർക്കാർ വകുപ്പിലെ ഇലക്ട്രിക്ക് മേഖലയിൽ നിന്ന് റിട്ടയർ ചെയ്ത ഒരാളോ, എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒരു എഞ്ചിനീയറോ കമ്മിറ്റിയിൽ ഉണ്ടാകണം എന്ന നിബന്ധനയോടെ, ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് ബി ടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസും ഉള്ളവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ .തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2020.0[illegible]4 11:11:44 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി .എ.യ്ക്ക്.